മെഡിക്കൽ ബിരുദാനന്തര പഠനത്തിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡം

* 214 [246] ശ്രീ. എ.വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തരപഠനത്തിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) ബിരുദാനന്തര പഠനത്തിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ സംവരണ തത്വം പാലിക്കാറുണ്ടോ;

(സി) പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഇല്ലാതെ വന്നാൽ ആ ഒഴിവിലേക്ക് ഒ. ബി. സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ബിരുദാനന്തര പഠനത്തിന് തെരഞ്ഞെടുക്കുമോ?

(ഡി) സീനിയോരിറ്റി അനുസരിച്ച് ബിരുദാനന്തര പഠനത്തിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ സംവരണ തത്വം പാലിക്കാറുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ജനറൽ മെരിറ്റിലേയ്ക്കുള്ള 50 ശതമാനം സീറ്റുകളിലേയ്ക്കുള്ള പ്രവേശനവും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള 10 ശതമാനം സീറ്റുകളിലേക്കുള്ള പ്രവേശനവും എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ബാക്കി 40 ശതമാനം സീറ്റുകളും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിന് താഴെ പറയുംവിധം വിഭജിച്ചിട്ടുണ്ട്.

ട്യൂട്ടറന്മാർ	30%
ഹെൽത്ത് സർവ്വീസ്സിലെ ഡോക്ടറന്മാർ	10%

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) സംവരണ തത്വം പാലിച്ചുകൊണ്ട് പി. എസ്സ്. സി. തയ്യാറാക്കിയ നിയമന ലിസ്റ്റിൽ വീണ്ടും സംവരണാനുകൂല്യം നൽകേണ്ടതില്ല.

ഭരണഭാഷ മലയാളമാക്കാൻ നടപടി

* 215 [247] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭരണഭാഷ മലയാളമാക്കാനുള്ള തീരുമാനം ശരിയായ രീതിയിൽ നടപ്പാക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോഴും താലൂക്കുതലത്തിൽ നിന്നു പല കൽപ്പനകളും ഇംഗ്ലീഷിൽത്തന്നെയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് എന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭരണഭാഷ മലയാളമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) കേരളത്തിൽ ഭരണഭാഷ മലയാളമാക്കുവാനുള്ള തീരുമാനം ഒരു സമയബന്ധിത പരിപാടിയനുസരിച്ച് നടപ്പാക്കി വരികയാണ്.

(ബി) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും 5 വർഷംകൊണ്ട് മലയാളം ഔദ്യോഗികഭാഷയാക്കണമെന്നാണ് സർക്കാരിന്റെ തീരുമാനം. അതിന്റെ ആദ്യപടിയായി 1.9.1985 മുതൽ പഞ്ചായത്ത്, മുനിസിപ്പൽ ഭരണം, വനം, സഹകരണം, ഹരിജനക്ഷേമം, ഗിരിജനക്ഷേമം, മത്സ്യബന്ധനം, ആർക്കിയോളജി എന്നീ 8 വകുപ്പുകളിലും വില്ലേജ് മുതൽ സെക്രട്ടേറിയറ്റ് തലംവരെ മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. മേൽപ്പറഞ്ഞ 8 വകുപ്പുകളൊഴിച്ച് താലൂക്കു തലത്തിലും മറ്റും പിലപ്പോൾ ഇപ്പോഴും ഇംഗ്ലീഷ് തുടരുന്നുണ്ടാകാം. കാരണം ആ വകുപ്പുകളിൽ മലയാളം നിർബന്ധമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. പക്ഷേ മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞ വകുപ്പുകളെ സംബന്ധിച്ചിടത്തോളം വില്ലേജ് തലം മുതൽ സെക്രട്ടേറിയറ്റുവരെ ഔദ്യോഗികഭാഷ മലയാളമാക്കിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 1986-ൽ മറ്റു 13 വകുപ്പുകളിൽക്കൂടി മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികളും എടുത്തുവരുന്നു.

(സി) അതിനുള്ള നടപടി ഊർജ്ജിതമായി സ്വീകരിച്ചുവരികയാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

"മുഖ്യമന്ത്രി ഒരു വർഷത്തിനിടയിൽ നടത്തിയ ഡൽഹി, ഗുരുവായൂർ, കോഴിക്കോട് യാത്രകൾ"

710 [835] ശ്രീ. കെ. ടി. കുഞ്ഞാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു കൊല്ലക്കാലത്തേക്ക് മുഖ്യമന്ത്രി എത്ര പ്രാവശ്യം ഡൽഹി, ഗുരുവായൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ട്;

(ബി) എത്ര സംഖ്യ ഈ യാത്രാ പരിപാടികൾക്ക് ചെലവായിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1985 ജൂൺ 1 മുതൽ 1986 മേയ് 31 വരെ മുഖ്യമന്ത്രി 24 പ്രാവശ്യം ഡൽഹിയും 34 പ്രാവശ്യം ഗുരുവായൂരും 18 പ്രാവശ്യം കോഴിക്കോടും സന്ദർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly